ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സ്ചിബിഷനുകൾ, സ്കിൽ ഡവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവയിലൂടെയുള്ള ബോധവൽക്കരണ-സഹായ പദ്ധതികൾ സംരംഭകർക്ക് നൽകുന്ന ഹാൻഡ് ഹോൾഡിംഗ് സഹായം. തുടങ്ങിയവ സംരംഭകർക്ക് പ്രോൽസാഹനം നൽകുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി., കോരള സിഡ്കോ, കിൻഫ്ര തുടങ്ങിയ ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംരംഭകത്വ സഹായ പദ്ധതിയിൽ യുവസംരംഭകർ, വനിതാ സംരംഭകർ, പിന്നോക്കം നിൽക്കുന്ന ജില്ലകൾ, ഭക്ഷ്യ സംസ്കരണം, റബ്ബർ അധിഷ്ഠിത വ്യവസായം, റെഡിമെയ്ഡ് ഗാർമെന്റ്, പാരമ്പര്യേതര ഊർജ്ജ മേഖല, ബയോടെക്നോളജി, 100% കയറ്റുമതി നടത്തുന്ന യൂണിറ്റുകൾ, പ്ലാസ്റ്റിക്ക് വേസ്റ്റ് റീസൈക്ലിംഗ്, ബയോഫെർട്ടിലൈസർ തുടങ്ങിയ വ്യവസായ മേഖലകൾക്കും മുൻഗണന നൽകുന്നു.

(ഡി) വളർച്ചാ നിരക്കിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

അരീക്കരക്കുന്ന് മെഡിസിറ്റി പദ്ധതി

257 (606) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ അരീക്കരക്കുന്ന് കേന്ദ്രമായ മെഡിസിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത മെഡിസിറ്റി നിർമ്മാണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത മെഡിസിറ്റി ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജകമണ്ഡലത്തിലെ ചേക്കാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട അരീക്കരക്കുന്നിൽ മെഡിസിറ്റി പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 30 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.-ക്ക് ദീർഘകാല പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഭൂമി ചേക്കാട് വില്ലേജിൽ നിന്ന് സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കിവച്ച റീസർവ്വേ നമ്പർ 58, 30/1 എ 1 എന്നിവയിൽപ്പെട്ട 133.93 ഏക്കർ ഭൂമി, റവന്യൂ പുറമ്പോക്ക് ഭൂമിയാക്കി ഇനം മാറ്റിയതിൽ ഉൾപ്പെട്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടി ഉത്തരവിൻപ്രകാരം 30 ഏക്കർ ഭൂമി ലഭിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ഔപചാരിക അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ സ്ഥലം ഉടമകൾ റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ സർവ്വേ ജോലികൾ തടസ്സപ്പെടുത്തി. ഇതിന്മേലുള്ള തീരുമാനത്തിലേയ്ക്കായി പ്രസ്തുത വിഷയം 2011 മുതൽ താലൂക്ക് ലാൻഡ് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) ഈ സർക്കാർ പദ്ധതി നടത്തിപ്പിനായി 2011-12-ലെ വാർഷിക പദ്ധതിയിൽ 2.00 കോടി രൂപ വകയിരുത്തി കെ.എസ്.ഐ.ഡി.സി.-ക്ക് നല്കുകയും 2012-13-ലെ വാർഷിക പദ്ധതിയിൽ വീണ്ടും ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിന് വിധേയമായിട്ടുമാത്രമേ സാധിക്കുകയുള്ളൂ. ഭൂമി കെ.എസ്.ഐ.ഡി.സി.യ്ക്ക് പാട്ടകരാർ വ്യവസ്ഥയിൽ ലഭ്യമായാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജ്

258 (607) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala-Legislative Assembly